**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5387** **15-03-2023 - ൽ മറുപടിയ്ക്ക്**

**ഇന്റഗ്രേറ്റഡ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ആൻഡ് ടെക്നോളജിക്ക് കെട്ടിടം നിർമ്മിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ് | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | പരപ്പനങ്ങാടി ഇന്റഗ്രേറ്റഡ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ആൻഡ് ടെക്നോളജിക്ക് സ്വന്തമായി ഭൂമി ലഭ്യമാക്കി കെട്ടിടം നിർമ്മിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസലിന്റെ ഫയൽ ഇപ്പോൾ ഏത് ഓഫീസിലാണെന്നും പ്രസ്തുത പ്രവൃത്തിക്ക് അനുമതി നൽകിയിട്ടുണ്ടോ എന്നും വിശദമാക്കാമോ; | (എ) | പരപ്പനങ്ങാടി എൽ.ബി.എസ് ഇന്റഗ്രേറ്റഡ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ആൻഡ് ടെക്നോളജിക്ക് സ്ഥലം വാങ്ങുന്നതിനും കെട്ടിടം നിർമ്മിക്കുന്നതിനും 186.62 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകുന്നതിനുള്ള പ്രൊപ്പോസൽ എൽ.ബി.എസ് ഡയറക്ടർ സർക്കാരിൽ ലഭ്യമാക്കിയിരുന്നു. എന്നാൽ 2023-24 വാർഷിക പദ്ധതിയിൽ പ്രസ്തുത പ്രൊപ്പോസൽ ഉൾപ്പെട്ടിട്ടില്ല. തുടർന്നുള്ള വാർഷിക പദ്ധതിയിൽ ഉൾപ്പെടുന്ന മുറയ്ക്ക് പ്രസ്തുത പദ്ധതിക്ക് പുതുക്കിയ ഭരണാനുമതി നൽകുന്നത് പരിശോധിക്കുന്നതാണ്. |
| (ബി) | പരപ്പനങ്ങാടി എൽ.ബി.എസ്., ഐ. ഐ.എസ്.ടി. എന്നിവയ്ക്ക് സ്വന്തം സ്ഥലം ലഭ്യമാക്കുന്നതിനുള്ള നടപടികൾക്ക് സർക്കാർ തുക അനുവദിക്കുമോ; ആയതിന്റെ നടപടിക്രമങ്ങൾ എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ; | (ബി) | പരപ്പനങ്ങാടി എൽ.ബി.എസ് ഇന്റഗ്രേറ്റഡ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ആൻഡ് ടെക്നോളജിക്ക് സ്ഥലം വാങ്ങുന്നതിനും കെട്ടിടം നിർമ്മിക്കുന്നതിനും 186.62 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകുന്നതിനുള്ള പ്രൊപ്പോസൽ എൽ.ബി.എസ് ഡയറക്ടർ സർക്കാരിൽ ലഭ്യമാക്കിയിരുന്നു. എന്നാൽ 2023-24 വാർഷിക പദ്ധതിയിൽ പ്രസ്തുത പ്രൊപ്പോസൽ ഉൾപ്പെട്ടിട്ടില്ല. തുടർന്നുള്ള വാർഷിക പദ്ധതിയിൽ ഉൾപ്പെടുന്ന മുറയ്ക്ക് പ്രസ്തുത പദ്ധതിക്ക് പുതുക്കിയ ഭരണാനുമതി നൽകുന്നത് പരിശോധിക്കുന്നതാണ്. |
| (സി) | ഈ പദ്ധതിക്ക് നൂറ്റി മുപ്പത് കോടി രൂപയുടെ ഭരണാനുമതി ലഭ്യമാക്കിയിരുന്ന മുൻ ഉത്തരവിന് നിലവിൽ പ്രാബല്യമുണ്ടോ; വിശദമാക്കാമോ ? | (സി) | 06.12.2013 – ലെ സ.ഉ.(സാധാ)നം. 2400/2013/ ഉ.വി.വ പ്രകാരം എൽ.ബി.എസ്., ഐ.ഐ.എസ്.ടി - ക്കായി 130.149 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ഭരണാനുമതി പുറപ്പെടുവിച്ച് 9 വർഷങ്ങൾ കഴിഞ്ഞ സാഹചര്യത്തിൽ പുതുക്കിയ ഭരണാനുമതി പുറപ്പെടുവിക്കേണ്ടതുണ്ട്. |

സെക്ഷൻ ഓഫീസർ